# ഹോട്ടൽ മാനേജ്മെന്റ് പഠിക്കാൻ പോയത് ഭദ്രൻ: വന്നത് ഭദ്രാനന്ദ

തിരുവനന്തപുരം: രണ്ടായിരാമാണ്ടിൽ ഹോട്ടൽ മാനേജ്മെന്റ് പഠിക്കാൻ ബാംഗ്ലൂരിലേക്ക് പോയ ഹിമവൽ മഹേശ്വര ഭദ്രാനന്ദ എന്ന ഭദ്രൻ കൊച്ചിയിൽ തിരിച്ചെത്തുന്നത് ജ്യോതിഷിയായിട്ടാണ്.

തിരുവനന്തപുരത്തുകാരനായ ഭദ്രൻ ലയോള സ്കൂളിലാണ് പഠിച്ചത്. ഹോമിയോ ഡോക്ടറായ അമ്മയോടൊപ്പം ഉള്ളൂർ ആക്കുളം റോഡിലെ ഒരു വീട്ടിൽ താമസിച്ചിരുന്നു. തമിഴ്നാട്ടിലെ മുൻ ധനകാര്യമന്ത്രി നാഞ്ചിൽ മനോഹരന്റെ ബന്ധുവാണ് ഭദ്രന്റെ അച്ഛൻ.

365 രൂപ വെച്ച് നൂറ്റുപേരെ ചേർത്ത് നൽകുന്ന സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ആംബുലൻസ് നൽകിക്കൊണ്ടാണ് സാമൂഹ്യസേവനരംഗത്ത് ഭദ്രൻ സ്വാമി പ്രത്യക്ഷപ്പെടുന്നത്. ഇതിനായി 'കർമ്മചാരിറ്റി' എന്ന സംഘടനയ്ക്കും രൂപം നൽകി വെബ് സൈറ്റും തുടങ്ങി.

ജ്യോതിഷ പ്രവചനം, യോഗ പരിശീലനം, ധ്യാന ക്ലാസ്, കിള്ളിയാർ ക്ലീനിങ് പരിപാടി, ജോലി റിക്രൂട്ട്മെന്റ് തുടങ്ങിയവയായിരുന്നു ഭദ്രന്റെ പുതിയ വിഹാരരംഗങ്ങൾ. ഇതിനോടൊപ്പം രാഷ്ട്രീയ ഭേദമെന്യേ ഉന്നത നേതാക്കളുമായി ചങ്ങാത്തം കൂടിയ ഭദ്രൻ അവർക്കെല്ലാം ജ്യോതിഷ പ്രവചനം നടത്തിക്കൊടുത്തതായും വെബ് സൈറ്റിലൂടെ പ്രഖ്യാപിച്ചു.

ബീക്കൺ ലൈറ്റിന്റെ പേരിൽ വിവാദത്തിൽപ്പെടുന്നതിന് മുമ്പ് മെയ് ആദ്യവാരത്തിൽ കേരളത്തിലെ ജനപ്രമുഖ രാഷ്ട്രീയ നേതാവിന്റെ തലസ്ഥാനത്തെ വീട്ടിൽ നിന്നാണ് ഭദ്രൻ ഉച്ചഭക്ഷണം കഴിച്ചതെന്നും അറിയുന്നു.